മുത്തലാഖ് മതേതര വിരുദ്ധം:കേന്ദ്രം സുപ്രീം കോടതിയിൽ

Friday 7 October 2016 7:13 pm IST

janmabhumidaily.com

ന്യൂദൽഹി: മുസ്ലിം സമുദായത്തിലെ വാക്കാൽ തലാഖ് ചൊല്ലിയുള്ള വിവാഹമോചനത്തെ എതിർത്ത് കേന്ദ്രസർക്കാർ സുപ്രീംകോടതിയിൽ. മൂന്നു തവണ തലാഖ് ചൊല്ലി വിവാഹബന്ധം ഉപേക്ഷിക്കുന്ന സമ്പ്രദായത്തിന് മതേതര രാജ്യത്ത് സ്ഥാനമില്ലെന്ന് കേന്ദ്രം വ്യക്തമാക്കി. മതപരമായ വിശ്വാസത്തിന്റെ ഭാഗമായി ഇതിനെ കാണാനാവില്ലെന്നും കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ കേന്ദ്രസർക്കാർ വ്യക്തമാക്കി. മുത്തലാഖും ബഹുഭാര്യത്വവും ലിംഗസമത്വത്തിന്റെ അടിസ്ഥാനത്തിലാണ് വിലയിരുത്തേണ്ടത്. സ്ത്രീകൾക്ക് ഭരണഘടനാപരമായ അവകാശങ്ങൾ നിഷേധിക്കുന്നതിന് ന്യായീകരണമില്ല. സ്ത്രീകളുടെ അഭിമാനത്തിലും ലിംഗസമത്വത്തിലും വിട്ടുവീഴ്ച ചെയ്യാനാവില്ല. 28 പേജുള്ള സത്യവാങ്മൂലത്തിൽ കേന്ദ്രം വ്യക്തമാക്കി. ചീഫ് ജസ്റ്റിസ് ടി.എസ് താക്കൂറിന്റെ അധ്യക്ഷതയിലുള്ള ബെഞ്ചാണ് കേസ് പരിഗണിക്കുന്നത്. വിഷയത്തിൽ സുപ്രീംകോടതി നേരത്തെ കേന്ദ്രസർക്കാരിനോട് അഭിപ്രായം തേടിയിരുന്നു. കേന്ദ്രആഭ്യന്തര,ധനകാര്യ, വനിതാ ശിശുക്ഷേമ, നിയമ, ന്യൂനപക്ഷ ക്ഷേമ മന്ത്രിമാർ യോഗം ചേർന്ന ശേഷമാണ് കേന്ദ്രം നിലപാട് അറിയിച്ചിരിക്കുന്നത്. ഫോണിലൂടെ മുത്തലാഖ് ചെയ്യപ്പെട്ട കൊൽക്കത്ത സ്വദേശിനി ഇസ്രത് ജഹാൻ ഉൾപ്പെടെ പത്തോളം സ്ത്രീകളാണ് മുത്തലാഖിനെതിരെ സുപ്രീംകോടതിയിൽ ഹർജി നൽകിയത്. മുത്തലാഖ് നിർത്തലാക്കുന്നത് മൗലികാവകാശങ്ങളുടെ ലംഘനമാണെന്നായിരുന്നു മുസ്ലിം വ്യക്തി നിയമ ബോർഡ് കോടതിയെ അറിയിച്ചത്. കോടതികളിലൂടെയുള്ള വിവാഹമോചനത്തിന് കാലതാമസമെടുക്കുമെന്നതിനാൽ ഭാര്യയെ ഒഴിവാക്കാൻ ഭർത്താവ് ചിലപ്പോൾ കൊലപാതകം നടത്താൻ സാധ്യതയുണ്ടെന്നും ഈ സാഹചര്യത്തിൽ മുത്തലാഖും ബഹുഭാര്യത്വവും ആവശ്യമാണെന്നായിരുന്നു ബോർഡിന്റെ അഭിപ്രായം. എന്നാൽ തലാഖ് സമ്പ്രദായത്തിനെതിരെ ബോർഡ് വൈസ് പ്രസിഡണ്ട് രംഗത്തെത്തിയിരുന്നു.